**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.991** 05/03/2018 -ൽ മറുപടിയ്ക്ക്

**പരീക്ഷാ നവീകരണ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസരംഗത്ത് സർക്കാർ നടപ്പിലാക്കുന്ന പരീക്ഷാ നവീകരണ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) എഴുത്തുപരീക്ഷയിൽ പരിഷ്കരണം ഒന്നാം 'ടേം' വിലയിരുത്തൽ മുതൽ തന്നെ നടപ്പിലാക്കി. തുടർന്ന് ഈ വർഷത്തെ പൊതുപരീക്ഷയിലും പരിഷ്കരിച്ച ചോദ്യരീതി നടപ്പിലാക്കുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതികൊണ്ട് നിലവിലുള്ള പരീക്ഷാ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; | (ബി) കുട്ടികൾക്ക് ഉത്തരമെഴുതുന്നതിന് അധിക ചോദ്യങ്ങൾ നൽകി, അറിയാവുന്നവ തെരഞ്ഞെടുത്ത് ഉത്തരം എഴുതാനുള്ള അവസരം നൽകുന്നു. ഇതുവഴി കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷയെ അഭിമുഖീകരിക്കാൻ അവസരം ലഭിക്കുന്നു. |
| (സി) കുട്ടികൾക്ക് സ്വയം വിലയിരുത്തലിന് സഹായകമാകുന്നതും സ്വന്തം നിലപാടുകൾ യുക്തിപൂർവ്വം അവതരിപ്പിക്കുന്നതിന് ഉതകുന്നതുമായ ചോദ്യങ്ങൾ ഈ വർഷത്തെ ചോദ്യപേപ്പറുകളിൽ ഉൾക്കൊള്ളിക്കുന്നുണ്ടോ; | (സി) ഉണ്ട്. ഗണിതം പോലുള്ള ചില വിഷയങ്ങളിൽ എനിക്കെന്തറിയാം എന്ന് മനസ്സിലാക്കാൻ സഹായകരമായ ഒരു ചോദ്യം (ആശയഗ്രഹണം (Comprehension)) ചോദ്യപേപ്പറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഗ്രേസ് മാർക്ക് നൽകുന്ന വിഷയത്തിൽ എന്ത് മാറ്റമാണ് വരുത്തിയിട്ടുള്ളത്; ഈ മാറ്റം പഠന വിഷയങ്ങൾക്ക് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ വിദ്യാർത്ഥികൾക്ക് സഹായകമാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) ഗ്രേസ് മാർക്ക് നൽകുന്ന വിഷയത്തിൽ നിലവിലെ രീതിയിൽ മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ